(ബി) 1100 രൂപ നിരക്കിലാണ് പെൻഷൻ അനുവദിക്കുന്നത്. മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

- മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. കുടുംബാംഗമായിരിക്കണം.
- ആറുമാസമെങ്കിലും തുടർച്ചയായ ഡയാലിസിസ് ആവശ്യമുള്ളവരാണെന്ന് വൃക്കരോഗ വിദഗ്ധൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
- മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

(സി) സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന കിഡ്നി രോഗികളുടെ പെൻഷൻ പദ്ധതി സഹായം നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ബി.പി.എൽ. റേഷൻ കാർഡുള്ളവർക്കാണ് നൽകിവരുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27-04-2012-ലെ സ.ഉ.(കൈ)നമ്പർ 112/2012/ ത.സ്വ.ഭ.വ. പ്രകാരം ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഡയാലിസിസിന് വിധേയമാകുന്നവരെയും ഉൾപ്പെടുത്താമെന്ന് പരാമർശിപ്പിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി മാറ്റി വരുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കാറുണ്ട്.

പുതിയ തസ്തികകളിലെ നിയമനം

266 (3473) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ പുതുതായി അനുവദിച്ചിട്ടുള്ള 35 സൂപ്പർവൈസർ, 73 ജൂനിയർ സൂപ്രണ്ട്, 22 എൽ.ഡി. ക്ലാർക്ക് എന്നീ തസ്തികകളിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(സി) നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ഉടൻ തന്നെ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) 73 ജൂനിയർ സൂപ്രണ്ട്, 22 ലോവർ ഡിവിഷൻ ക്ലാർക്ക് എന്നീ തസ്തികകൾ അനുവദിച്ച ഉത്തരവിൽ കേരള സോഷ്യൽ വെൽഫെയർ

LIBRARY ARCHIVES Kerala Legislative Assembly

സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടത്തിലെ കാറ്റഗറി 5, (ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II) കാറ്റഗറി 12 (ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ) എന്നീ തസ്തികകളുടെ ഫീഡർ കാറ്റഗറിയിൽനിന്നും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ ഒഴിവാക്കി വിശേഷാൽ ചട്ടം ഭേദഗതി വരുത്തിയതിനുശേഷം മാത്രമേ 73 ജൂനിയർ സൂപ്രണ്ട് തസ്തികകളിലും 22 ക്ലാർക്ക് തസ്തികകളിലും നിയമനം നടത്താവൂവെന്ന നിബന്ധനയുണ്ട്. നിയമനങ്ങൾ വേഗത്തിലാക്കാൻ വേണ്ടിയുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. 35 സൂപ്പർവൈസർ തസ്തികകളിൽ നിയമനം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ശ്രീമതി ഡോളി ജോർജിന്റെ അപേക്ഷ

267 (3474) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-2-1990 ൽ ജോലിയിൽ പ്രവേശിച്ച് 30-11-2013 സി.ഡി.പി.ഒ. ആയി റിട്ടയർ ചെയ്ത ശ്രീമതി ഡോളി. കെ. ജോർജിന് സർവ്വീസിലുള്ള മൂന്നാമത്തെ ഗ്രേഡ് ലഭിക്കുന്നതിനായി 22-4-2014 ന് സമർപ്പിച്ച അപേക്ഷയിൽ സാമൂഹ്യനീതി ഡയറക്ടർ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) നിലവിലുള്ള ഉത്തരവുകൾ പ്രകാരം പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് എ.ജി. 24-1-2014 ലെ ജി. ഇ. 18/ഇ/എസ്. ഡബ്ല്യു /2013-14/9951 കത്ത് മുഖേന സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ശ്രീമതി ഡോളി ജോർജിന് അർഹതപ്പെട്ട മൂന്നാമത്തെ ഗ്രേഡ് നൽകുവാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഗ്രേഡ് നൽകുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രീമതി ഡോളി കെ. ജോർജിന് ഗ്രേഡ് അനുവദിക്കുന്നതിനുള്ള 22-4-2014-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാളുടെ ഗസറ്റഡ് തസ്തികയിലെ ലീവ് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി അക്കൗണ്ടന്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലീവ് വിവരങ്ങൾ ലഭ്യമാകുന്ന മുറക്ക് ഗ്രേഡ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly